# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 79
28-11-2018-ലെ മറുപടിയ്ക്ക്

**സാലറി ചലഞ്ചിലൂടെ സമാഹരിച്ച തുക**

| **ചോദ്യം**<br><br>**ശ്രീ. അനിൽ അക്കര** | **മറുപടി**<br>**പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
|---|---|
| എ) സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും വിഹിതമായി എത്ര തുക സാലറി ചലഞ്ചിലൂടെ നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സമാഹരിച്ചുവെന്ന് വ്യക്തമാക്കാമോ; | 21.12.2018 വരെ സാലറിചലഞ്ചുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാരിൽ നിന്ന് 609,62,18,058/-രൂപയും പെൻഷൻകാരുടെ വിഹിതമായി 4,48,06,319/- രൂപയും ലഭ്യമായിട്ടുണ്ട്. പെൻഷൻകാർ പെൻഷനിൽ കുറവ് ചെയ്ത് ഒടുക്കിയ തുക മാത്രമാണിത്. ബഹുഭൂരിപക്ഷം പെൻഷൻകാരും ബന്ധപ്പെട്ട സംഘടനകൾ വഴി നേരിട്ട് CMDRF ൽ സംഭാവന നൽകിയിട്ടുണ്ട് എന്നാണ് മനസ്സിലാകുന്നത്. |
| ബി) പ്രസ്തുത തുക പ്രത്യേക അക്കൗണ്ടിലാണോ അതോ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ അക്കൗണ്ടിലാണോ നിക്ഷേപിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | പെൻഷൻകാരിൽ നിന്ന് ലഭ്യമായ തുക തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള റ്റി.പി.എ -80 ലാണ് നിക്ഷേപിച്ചിരിക്കുന്നത്. സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് സർക്കാർ ജീവനക്കാരുടെ സംഭാവന വരവ് ചെയ്യുന്നത് തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ആരംഭിച്ച Special TSB 799011400004798 എന്ന അക്കൗണ്ടിലേയ്ക്കാണ്. |

**സെക്ഷൻ ഓഫീസർ**